ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 17.06.2025** **TIME: 07.25PM**

## പ്രധാന വാർത്തകൾ

1. കാനഡയിൽ നടക്കുന്ന ജി 7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും, സുപ്രധാന ആഗോള വിഷയങ്ങൾ ചർച്ചയാകും.

   **Prime Minister Narendra Modi will attend the G7 summit in Canada today, important global issues will be discussed in the summit.**

2. ഇറാൻ-ഇസ്രയേൽ സംഘർഷം അതിരൂക്ഷമായി തുടരുന്നു, സംഘർഷം അവസാനിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ തേടുന്നതായി യു എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്.

   **The Iran-Israel conflict remains at an all-time high, and US President Donald Trump has said he is looking for ways to end the conflict.**

3. അഹമ്മദാബാദ് വിമാനാപകടത്തിൽ ഡി എൻ എ പരിശോധനയിലൂടെ ഇതുവരെ തിരിച്ചറിഞ്ഞത് 162 മൃതദേഹങ്ങൾ.

   **162 bodies have been identified so far through DNA testing in the Ahmedabad plane crash.**

4. ആവേശകരമായ കൊട്ടിക്കലാശത്തിനൊടുവിൽ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിച്ചു, വോട്ടെടുപ്പ് മറ്റന്നാൾ.

   **The public campaigning for the Nilambur by-election has ended, and voting will be held on day after tomorrow.**

5. **FIH** ഹോക്കി പ്രോ ലീഗിൽ ഇന്ത്യ ഇന്ന് അർജന്റീനയെ നേരിടും.

**India will face Argentina today in the FIH Hockey Pro League.**

&&&&&&&&&&&&&&&&

## PM CANADA

കാനഡയിൽ നടക്കുന്ന ജി 7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സൈപ്രസ് പര്യടനം പൂർത്തിയാക്കി ഇന്ന് രാവിലെ കാനഡയിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. സുപ്രധാനമായ ആഗോള വിഷയങ്ങൾ ജി-7 നേതാക്കളുമായി ചർച്ച ചെയ്യും. തുടർച്ചയായ ആറാം തവണയാണ് ജി-7 ഉച്ചകോടിയിൽ ശ്രീ മോദി പങ്കെടുക്കുന്നത്. ആഗോള തലത്തിലെ സാമ്പത്തിക, ഭൗമരാഷ്ട്രീയ വിഷയങ്ങൾ ഉച്ചകോടി ചർച്ച ചെയ്യും. യുഎസ്, യുകെ ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ, കാനഡ, എന്നീ രാജ്യങ്ങളുടെയും യൂറോപ്യൻ യൂണിയൻറെയും കൂട്ടായ്മയാണ് ജി-7.

&&&&&&&&&&&&&&&&

## G-7 JOINT STATEMENT

ഇസ്രായേൽ - ഇറാൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ സമാധാനത്തിനുള്ള ആഹ്വാനവുമായി ജി7 നേതാക്കൾ. ഇസ്രായേലിന് സ്വയം പ്രതിരോധിക്കാനുള്ള അവകാശമുണ്ടെങ്കിലും, സംഘർഷങ്ങളിൽ സാധാരണക്കാർ ഇരയാകാതെ സംരക്ഷിക്കേണ്ടതുണ്ടെന്ന് നേതാക്കൾ സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി. ആണവായുധം കൈവശം വയ്ക്കാൻ ഇറാനെ ഒരിക്കലും അനുവദിക്കരുതെന്ന ദീർഘകാല നിലപാടും ജി 7 രാജ്യങ്ങൾ ആവർത്തിച്ചു.

&&&&&&&&&&&&&&&&

## EVE. IRAN-ISRAEL WAR

ഇറാൻ-ഇസ്രയേൽ സംഘർഷം അഞ്ചാംദിവസവും അതിരൂക്ഷമായി തുടരുന്നു. ശക്തമായ വ്യോമാക്രമണങ്ങളിൽ ഇരുപക്ഷത്തും വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഇറാന്റെ സൈനിക കമാൻഡർ അലി ഷദ്മാനിയെ വധിച്ചതായി ഇസ്രായേൽ സൈന്യം

അവകാശപ്പെട്ടു. പടിഞ്ഞാറൻ ഇറാനിലെ സൈനിക ലക്ഷ്യങ്ങളെ ആക്രമിച്ചതായും സൈന്യം അറിയിച്ചു. അതേസമയം, ഇസ്രായേൽ നഗരങ്ങളായ ടെൽ അവീവിലും ജറുസലേമിലും ഇറാൻ മിസൈൽ ആക്രമണങ്ങൾ നടത്തി. ഇസ്രായേലിലെ സൈനിക - ഇൻറലിജൻസ് കേന്ദ്രങ്ങൾക്ക് നേരെ ആക്രമണം നടത്തിയതായും ഇറാൻ അവകാശപ്പെട്ടു. ശക്തമായ മിസൈൽ ആക്രമണങ്ങളിൽ ഇതുവരെ ഇറാനിൽ 224 പേരും ഇസ്രായേലിൽ 24 പേരുമാണ് കൊല്ലപ്പെട്ടിട്ടുള്ളത്.

&&&&&&&&&&&&&&

## INDIAN STUDENTS –TEHRAN

സംഘർഷ സാഹചര്യം കണക്കിലെടുത്ത് ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ ഇന്ത്യൻ എംബസി നഗരത്തിൽ നിന്നും ഒഴിപ്പിച്ചു. യാത്രാ സൗകര്യം ലഭ്യമായ മറ്റ് താമസക്കാരോട് നഗരത്തിന് പുറത്തേക്ക് മാറാൻ വിദേശകാര്യ മന്ത്രാലയം നിർദ്ദേശം നൽകി. ഇറാനിലെ ഇന്ത്യക്കാരെ റോഡ് മാർഗം അർമേനിയയിൽ എത്തിക്കുന്നതിനുള്ള നടപടികളാണ് എംബസിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നത്.

&&&&&&&&&&&&&&

## IRAN – ISRAYEL – NORKA

ഇറാനിലെയും ഇസ്രയേലിലെയും കേരളീയർ സുരക്ഷിതരാണെന്ന് നോർക്ക റൂട്ട്സ് സിഇഒ. ഇറാനിലുള്ള 12 മലയാളി വിദ്യാർത്ഥികളുടെയും, ബിസിനസ് ആവശ്യത്തിനു ടെഹ്റാനിലേയ്ക്ക് പോയ സംഘത്തിന്റെയും വിവരങ്ങൾ ഇന്ത്യൻ എംബസിക്ക് കൈമാറിയതായും നോർക്ക അറിയിച്ചു.

&&&&&&&&&&&&&&

## VP-VIKSIT BHARAT

വികസിത ഭാരതം വെറും സ്വപ്നമല്ല ശക്തമായ വിജ്ഞാന സമ്പദ്‌വ്യവസ്ഥയാൽ പ്രവർത്തിക്കുന്ന രാജ്യത്തിന്റെ ലക്ഷ്യസ്ഥാനമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. പോണ്ടിച്ചേരി സർവകലാശാലയിലെ വിദ്യാർത്ഥികളോടും,

അധ്യാപകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതത്തിലേക്ക് രാജ്യത്തെ നയിക്കുന്നതിൽ യുവാക്കൾക്കും വിദ്യാർത്ഥികൾക്കും നിർണായക പങ്കാണുള്ളതെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&

**VAISHNAW – MANESAR (INTRO)**

രാജ്യത്തെ ഏറ്റവും വലിയ മൾട്ടി മോഡൽ കാർഗോ ടെർമിനൽ ഹരിയാനയിലെ മനേസറിൽ കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് ഉദ്ഘാടനം ചെയ്തു. 45 ഏക്കറിൽ വ്യാപിച്ച് കിടക്കുന്ന കാർഗോ ടെർമിനലിന് നാല് ലക്ഷത്തി 50,000 വാഹനങ്ങളെ വഹിക്കാൻ ശേഷിയുണ്ട്. 108 മൾട്ടി മോഡൽ കാർഗോ ടെർമിനലുകൾ തയ്യാറായി കഴിഞ്ഞതായും ഇവ എത്രയും വേഗം പ്രവർത്തനക്ഷമമാകുമെന്നും ശ്രീഅശ്വിനി വൈഷ്ണവ് അറിയിച്ചു. 2021 ൽ കൊണ്ടു വന്ന പരിഷ്കരണങ്ങളിലൂടെയാണ് വളരെ കുറഞ്ഞ കാലയളവിൽ ഈ ലക്ഷ്യം നേടാൻ സർക്കാരിന് സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു.

(voice)

&&&&&&&&&&&&&&&

**GADKARI – ROAD**

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി രണ്ടായിരം ഡ്രൈവിംഗ് പരിശീലന സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച് കേന്ദ്ര സർക്കാർ. പിന്നാക്ക, ആദിവാസി മേഖലകളിലായിരിക്കും പരിശീലന സ്കൂളുകൾ തുറക്കുന്നതെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി അറിയിച്ചു. ഇത് യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും,രാജ്യത്ത് നിലവിൽ ഏകദേശം 22 ലക്ഷം ഡ്രൈവർമാരുടെ കുറവുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

## GUJ-DNA TEST

അഹമ്മദാബാദ് വിമാനാപകടത്തിൽ ഡി എൻ എ പരിശോധനയിലൂടെ ഇതുവരെ 162 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. ഗുജറാത്ത് ആഭ്യന്തര സഹമന്ത്രി സമൂഹ മാധ്യമത്തിൽ അറിയിച്ചതാണ് ഇക്കാര്യം. കേന്ദ്ര ഏജൻസികളുമായി ചേർന്ന് സംസ്ഥാന സർക്കാർ ഫോറൻസിക്, നിയമ നടപടികൾ പൂർത്തിയാക്കി വരികയാണെന്നും അദ്ദേഹം അറിയിച്ചു. അതേസമയം, എയർ ഇന്ത്യയുടെ ഇന്നത്തെ ലണ്ടൻ - അഹമ്മദാബാദ് വിമാനം റദ്ദാക്കി. വ്യോമപരിധിയിലെ നിയന്ത്രണങ്ങളും അധിക ജാഗ്രതാ പരിശോധനകളും കാരണം വിമാനം ലഭ്യമാകാത്തത് കൊണ്ടാണ് സർവ്വീസ് റദ്ദാക്കിയതെന്ന് റിപ്പോർട്ടുണ്ട്.

&&&&&&&&&&&&&&&&

## BHUPENDRA YADAV (INTRO)

പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനൊപ്പം അവയെ സംരക്ഷിക്കുന്നതിനും ശ്രദ്ധ നൽകണമെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദ്ര യാദവ്. മരുഭൂവൽക്കരണവും വരൾച്ചയും പ്രതിരോധിക്കുന്നതിനായുള്ള ലോക ദിനത്തോടനുബന്ധിച്ച് ജോധ്പൂരിൽ സംഘടിപ്പിച്ച ദേശീയ ശിൽപശാലയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഭൂമിയുടെ സംരക്ഷണത്തിന് കീടനാശിനികളുടെ ഉപഭോഗം കുറയ്ക്കണമെന്നും ശ്രീ ഭൂപേന്ദ്ര യാദവ് പറഞ്ഞു. (വോയിസ്...)

ഏക് പേട് മാ കെ നാം യജ്ഞത്തിൽ പങ്കെടുക്കുന്നതിന് എല്ലാവരും മുന്നോട്ടു വരണമെന്നും കേന്ദ്ര മന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

## NILAMBUR BYELECTION

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം പൂർത്തിയായി. മഴയെ നിഷ്പ്രഭമാക്കി, ആവേശകരമായ കൊട്ടിക്കലാശത്തിനാണ് മണ്ഡലം ഇന്ന് സാക്ഷ്യം വഹിച്ചത്. നാളെ നിശബ്ദ പ്രചാരണമാണ് നടക്കുക.

മററന്നാളാണ് വോട്ടെടുപ്പ്. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്യ സ്ഥാനാർത്ഥി പി.വി അൻവർ എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ.

**&&&&&&&&&&&&&&&**

## EVE. FIH WOMENS HOCKEY

FIH ഹോക്കി പ്രോ ലീഗിൽ ഇന്ത്യ ഇന്ന് അർജന്റീനയെ നേരിടും. രാത്രി 8 മണിക്ക് ലണ്ടനിലാണ് മത്സരം. ഓസ്ട്രേലിയയെ പരാജയപ്പെടുത്തിയ ആത്മവിശ്വാസ ത്തിലാണ് ഇന്ത്യ ലോക രണ്ടാം നമ്പർ ടീമായ അർജന്റീനയെ നേരിടാൻ ഇറങ്ങുന്നത്. നിലവിൽ 9 പോയിന്റുമായി ഇന്ത്യ ഏഴാം സ്ഥാനത്താണ്.

**&&&&&&&&&&&&&&&**

## ICC WOMENS RANKING

ഐസിസി വനിതാ ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ, 727 റേറ്റിംഗ് പോയിന്റുകളുമായി ഒന്നാം സ്ഥാനം തിരിച്ചു പിടിച്ച് ഇന്ത്യയുടെ സ്മൃതി മന്ദാന. ദക്ഷിണാഫ്രിക്കയുടെ ലോറ വോൾവാർഡിനെ മറികടന്നാണ് 2019 ന് ശേഷം ആദ്യമായി സ്മൃതി പട്ടികയിൽ ഒന്നാമതെത്തിയത്.

**&&&&&&&&&&&&&&&**

## PK-DISASTER MANAGEMENT

അപകട സാഹചര്യങ്ങളിലെ ദുരന്ത പ്രതികരണ സേനകളുടെ പ്രവർത്തനമികവ് വർധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പികെ മിശ്ര. ദുരന്തപ്രതികരണ സേനകളെ ശാക്തീകരിക്കുന്നതിൽ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ദുരിതാശ്വാസ കമ്മീഷണർമാരുടെയും സംസ്ഥാന ദുരന്ത പ്രതികരണ സേനകളുടെയും വാർഷിക സമ്മേളനത്തിന്റെ സമാപനപരിപാടിയിൽ സംസാരിക്കുക യായിരുന്നു ശ്രീ പികെ മിശ്ര.

&&&&&&&&&&&&&&

## INTERNATIONAL YOGA DAY

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. 21-ന് രാവിലെ 6:30 മുതൽ 7:40 വരെ ആയിരിക്കും പരിപാടികൾ. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 213 പോയിന്റ് ഇടിഞ്ഞ് 81,583 ലും നിഫ്റ്റി 93 പോയിന്റ് നഷ്ടത്തിൽ 24,853ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 840 രൂപ കുറഞ്ഞ് 73,600 രൂപയും ഗ്രാമിന് 9,200 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&

## ARMY CHIEF CHINTAN

കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി മുൻ കരസേന മേധാവിമാരുമായും ആശയവിനിമയം നടത്തുന്ന രണ്ട് ദിവസത്തെ Chiefs' ചിന്തൻ പരിപാടിക്ക് ഡൽഹിയിൽ തുടക്കമായി. മുൻ മേധാവിമാരുടെ പരിചയ സമ്പത്ത് ഉപയോഗപ്പെടുത്തുകയാണ് പരിപാടിയുടെ ലക്ഷ്യം. കരസേനയുടെ നവീകരണത്തിനായി ഈ അറിവുകൾ ഏറെ പ്രയോജനപ്പെടുമെന്ന് കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി പറഞ്ഞു.

&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&